"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കി പന്മന ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയ തുക - ബഹു. കേരള അഡ്മിനിസ്‌ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി പ്രകാരം റിട്ട. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി എ.കെ.സുധാമ്മയ്ക്ക് അനുവദിക്കുന്നതിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1191/2025/LSGD    തീയതി,തിരുവനന്തപുരം, 15-05-2025

---

പരാമർശം:-
1. ബഹു.കേരള അഡ്മിനിസ്‌ട്രേറ്റീവ് ട്രിബ്യൂണൽ OA.No.214/2021 നമ്പർ ഹർജിയിന്മേൽ 30/01/2024-ൽ പുറപ്പെടുവിച്ച ഉത്തരവ്.
2. ബഹു.കേരള ഹൈക്കോടതി OP(KAT)338/2024 നമ്പർ കേസിന്മേൽ 20/12/2024-ൽ പുറപ്പെടുവിച്ച ഉത്തരവ്.
3. സ.ഉ.(സാധാ)നം.2771/2025/ധന, തീയതി 21/03/2025
4. 29/03/2025 ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/8934/2023-PENB1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച, കൊല്ലം ജില്ലയിൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ആയി ജോലി നോക്കവേ 31/05/2014-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി എ.കെ.സുധാമ്മയുടെ പേരിൽ, ടിയാൾ കൊല്ലം ജില്ലയിലെ പന്മന ഗ്രാമ പഞ്ചായത്തിൽ സേവന മനുഷ്ഠിച്ച കാലയളവിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ബാദ്ധ്യതയായി കണ്ടെത്തിയ തുകയായ 1,27,866/- (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തി ആറ് രൂപ) രൂപ, ടിയാളുടെ ഡി.സി.ആർ.ജി-യിൽ നിന്നും ഈടാക്കി പന്മന ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിരുന്നു. ഇതിനെതിരെ ടിയാൾ ബഹു. കേരളാ അഡ്മിനിസ്‌ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഹർജിയിൽ, 31.05.2017 തീയതി മുതൽ തടഞ്ഞുവച്ച തുകയ്ക്കുള്ള 6% പലിശ കണക്കാക്കി ആനുകൂല്യങ്ങളെല്ലാം വിതരണം ചെയ്യാൻ ബഹു. ട്രൈബ്യൂണൽ പരാമർശം (1)

പ്രകാരം ഉത്തരവായിരുന്നു. ആയതിനെതിരെ സർക്കാർ ബഹു.ഹൈക്കോടതി മുമ്പാകെ അപ്പീൽ ഹർജി ഫയൽ ചെയ്തെങ്കിലും ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് പരാമർശം (2) പ്രകാരം ശരിവയ്ക്കുകയാണുണ്ടായത്. മേൽ സാഹചര്യത്തിൽ, പ്രസ്തുത വിഷയം പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി സുധാമ്മയുടെ തടഞ്ഞുവച്ച ഡി.സി.ആർ.ജി തുകയായ 1,27,866/- രൂപയ്ക്ക് 31/05/2017 മുതൽ 28/02/2025 വരെയുള്ള കാലയളവിലെ 6% പലിശയെന്ന നിലയ്ക്ക് കണക്കാക്കി 59,479/- രൂപ (അൻപത്തി ഒൻപതിനായിരത്തി നാനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം ) ടിയാൾക്ക് നൽകാൻ ധനകാര്യ വകുപ്പ് പരാമർശം (3) പ്രകാരം പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ചിരിക്കുന്ന ശിപാർശയിൽ ധനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ടിയാൾക്ക് ഡി.സി.ആർ.ജി തുകയുടെ പലിശ തുക മാത്രമേ അനുവദിക്കുവാൻ കഴിയുകയുള്ളുവെന്നും മേൽ സാഹചര്യത്തിൽ തടഞ്ഞുവച്ചിരിക്കുന്ന ഡി.സി.ആർ.ജി തുക കൂടി അനുവദിച്ചു നൽകാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സുധാമ്മയുടെ ഡി.സി.ആർ.ജി-യിൽ നിന്നും ഇതിനകം തന്നെ തടഞ്ഞുവച്ചിട്ടുള്ളതും പന്മന ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതുമായ തുക ടിയാൾക്ക് അനുവദിച്ചു ഉത്തരവാകുകയാണ് ഇക്കാര്യത്തിൽ വേണ്ടതെന്ന് സർക്കാർ കാണുന്നു. മേൽ സാഹചര്യത്തിൽ, പരാമർശം (3) പ്രകാരം ശ്രീമതി സുധാമ്മയ്ക്ക് പലിശ തുക അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ തുടർച്ചയായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ആയിരുന്ന ശ്രീമതി സുധാമ്മയ്ക്ക് അനുവദിച്ചതുമായ ഡി.സി.ആർ.ജി തുകയായ 1,27,866/- (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തി ആറ് രൂപ മാത്രം) രൂപ പന്മന ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക സത്വരമായി ശ്രീമതി സുധാമ്മയ്ക്ക് ലഭ്യമാക്കുവാൻ പന്മന ഗ്രാമപഞ്ചായത്തിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശം നൽകേണ്ടതാണ്.

4) മേൽ പറഞ്ഞതിൻ പ്രകാരമുള്ള തീരുമാനം കൈക്കൊണ്ട് പരാമർശം (1) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്

2. സെക്രട്ടറി, പന്മന ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
3. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
   (ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)
5. ജില്ലാ ട്രഷറി, കൊല്ലം
6. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
7. ശ്രീമതി എ.കെ.സുധാമ്മ, നിഷാന്ത്, ഇലങ്കത്തുടി നഗർ,- 14 സി, തിരുമുല്ലവാരം പി.ഒ. കൊല്ലം - 691012
8. ധനകാര്യ (വികസന) വകുപ്പ് (vide U.O.No.3113947/DEV- 3/91/2025-FIN dated 02/05/2025)
9. ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
10. വെബ് & മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 15-05-2025 11:18:22